ന്നു് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നും പറഞ്ഞുകൊണ്ടു് രക്ഷ കർത്താക്കൾ മുമ്പോട്ടു വന്നപ്പോഴാണു് സമരം അവസാനിപ്പിച്ചതെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ചോദ്യവും ഉത്തരവുമെല്ലാം ചോദ്യങ്ങളുടെ രൂപത്തിൽ തന്നെ ഇപ്പോൾ നടക്കുന്നുണ്ടു്.

ശ്രീ. ബി. മാധവൻ നായർ : നിരവധി തവണ സമരവും പണിമുടക്കും മറ്റു കാരണങ്ങളാലും കോളേജു് കുറെ അടച്ചിടുകയുണ്ടായി. അതുകൊണ്ടു് ഇത്തവണത്തെ എക്സാമിനേഷന്റെ തീയതി നീട്ടിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതു് സർവ്വകലാശാല ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്. എങ്കിലും എക്സാമിനേഷന്റെ തീയതി നീട്ടിക്കൊടുക്കുന്നതുകൊണ്ടു് എന്തു പ്രശ്നങ്ങളും ഉണ്ടാകുമെന്നുകൂടി നോക്കേണ്ടതാണു്.

ഓവർ ഡ്രാഫ്റ്റു്

* 184. [678] ശ്രീ. ജെ. കമലിയാസ് മൈറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി ദയവു മുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം മാരോ വർഷവും ഓവർ ഡ്രാഫ്റ്റു് എടുത്ത തുക എത്ര ;

(ബി) ഓവർ ഡ്രാഫ്റ്റു് ആയി എടുത്ത ഇനങ്ങളിൽ ഇനി തിരിച്ചടക്കേണ്ട തുക എത്ര ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള ഓവർ ഡ്രാഫ്റ്റു് താഴെ പറയുന്ന വിധമാണു്.

1967–68	ഒന്നും എടുത്തിട്ടില്ല.
1968–69	30.06 കോടി
1969–70	2.18 കോടി

(ബി) ഓവർഡ്രാഫ്റ്റു് ഇനത്തിൽ യാതൊരു തുകയും ഇപ്പോൾ തിരിച്ചടക്കാൻ ഇല്ല.

ശ്രീ. ജെ. കമലിയാസ് മൈറായിസ് : ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു് വികസനപരമായ കാര്യങ്ങൾക്കു വേണ്ടിയാണോ അതോ നോൺപ്രൊഡക്ടീവു് ചെലവുകൾക്കു വേണ്ടിയാണോ എന്നു പറയാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു് ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽ അക്കൊമഡേഷനു വേണ്ടിയാണു്. അതിൽ പ്ലാൻ സ്കീമുകളും നോൺപ്ലാൻ സ്കീമുകളും ഉൾപ്പെടും.

ശ്രീ കെ. കരുണാകരൻ : ഓവർഡ്രാഫ്റ്റു് എടുക്കുന്നതു് ഡവലപ്പുമെൻറൽ വർക്കുകൾക്കു വേണ്ടിയാണോ അതോ നോൺ ഡവലപ്പുമെൻറൽ വർക്കുകൾക്കു വേണ്ടി യാണോ ?

ശ്രീമതി കെ. ആർ ഗൗരി : അതുതന്നെയാണു് ഞാൻ ഇപ്പോൾ പറഞ്ഞതു്. ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽ അക്കൊമഡേഷനുവേണ്ടിയാണു് ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു്. അതിൽ ഡവലപ്പുമെൻറലും നോൺ ഡെവലപ്പുമെൻറലും വരും. നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ പണം ഇല്ലാതെ വരുമ്പോഴാണു് ഓവർഡ്രാഫ്റ്റു് എടുക്കുന്നതു്. അപ്പോൾ രണ്ടു വിധത്തിലും ചെലവുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അൺ ആതറൈസ്ഡ് അഡ്വാൻസ് എന്തെങ്കിലും നിലവിലുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ആരും അഡ്വാൻസ് ചെയ്തിട്ടുള്ളതിന്റെ കാര്യമാണ് എന്നു വ്യക്തമല്ല.

ശ്രീ. കെ. എം. മാണി : മനസ്സിലായില്ലെന്നാണ് ഞാൻ വിചാരിച്ചതു്. റിസർവ്വ് ബാങ്കിൽ നിന്നും അൺ ആതറൈസ്ഡ് അഡ്വാൻസ് പറഞ്ഞിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : അൺ ആതറൈസ്ഡ് ആയിട്ടുവരാൻ സാദ്ധ്യമല്ല. ആ കടം ഉണ്ടായിരുന്ന 4.18 കോടി രൂപ 23-9-1969-ൽ തിരിച്ചടച്ചുകഴിഞ്ഞു. ഇപ്പോൾ ഒന്നുംതന്നെ ബാക്കിയില്ല. പിന്നെ ഇൻഡ്യാഗവണ്മെന്റിന്റെ ലോണോ മറ്റോ തിരിച്ചടക്കാൻ ഉണ്ടാകും. ഈ ഒക്ടോബർ ഒന്നാം തീയതി 20 കോടി രൂപ ഒന്നിച്ചു് അടയ്ക്കണം. അൺ ആതറൈസ്ഡ് ആയിട്ട് എടുത്തതായി കാണുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഓവർഡ്രാഫ്റ്റ് എടുക്കുന്നതിനു് എന്തെങ്കിലും മാക്സിമം ലിമിറ്റു വച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്രയാണു് ?

ശ്രീമതി കെ. ആർ. ഗൗരി : നോട്ടീസ് ഇല്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ : 30.06 കോടി രൂപ ഒരു വർഷത്തിൽ പരമാത്തം എടുത്തിട്ടുള്ളതാണു്. എന്നാൽ ഒരവസരത്തിൽത്തന്നെ എത്ര തുക എടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ വിശദവിവരം എന്റെ കൈവശമില്ല. നോട്ടീസ് വേണം.

ശ്രീ. കെ. എം. ജോർജ്ജ് : ഓവർഡ്രാഫ്റ്റ് എടുത്ത ഇനത്തിൽ ഇപ്പോൾ ഒന്നും കൊടുക്കാനില്ല എന്നു പറയുകയുണ്ടായി. ഈ ഒക്ടോബർ ഒന്നാം തീയതി 20 കോടി രൂപ ലോൺ അടയ്ക്കാൻവേണ്ടി ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവരുമോ; ലോണിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ധനമന്ത്രി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയുടെ അടുക്കൽ നിവേദനം നടത്തിയിട്ടുള്ളതിന്റെ പ്രതികരണം എന്തെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ലോൺ തിരിയെ ഒന്നിച്ചു് അടയ്ക്കുന്നതിനു് ഓവർഡ്രാഫ്റ്റ് എടുക്കാതെ സാധിക്കുകയില്ല. പ്രൈസ്കമ്മീഷന്റെ പണം ഇങ്ങോട്ടു തരികയാണെങ്കിൽ ഏതാണ്ടു് നാലോ അഞ്ചോ കോടി രൂപ യ വരികയുള്ളു എന്നാണു് മനസ്സിലാകുന്നതു്. നമ്മുടെ കളക്ഷനായാലും എല്ലാം ഉൾപ്പെടെ പത്തു കോടിയിൽ താഴെ മാത്രമേ വരികയുള്ളു. അപ്പോൾ ബാക്കി ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടതായിവരും. അതുകൊണ്ടാണു് loan repayment നു് സാവകാശം തരണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. ഒന്നിച്ചു് ഒക്ടോബർ ഒന്നാം തീയതി അടയ്ക്കത്തക്കവിധത്തിൽ നിർബന്ധിക്കരുതു് ; അതിനുള്ള സാമ്പത്തികശേഷി ഇപ്പോൾ നമുക്കില്ല ; അതുകൊണ്ടു് loan repayment നു് സാവകാശം ചോദിച്ചിട്ടുള്ളതു്. ഒരു കൊല്ലമാണു് ആവശ്യപ്പെട്ടിരുന്നതു്. എന്നാൽ പ്രധാനമന്ത്രി ആറുമാസംകൊണ്ടു് പണം അടച്ചുതീർത്തിൽ മതിയെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ഇ. അഹമ്മദ് : ഈ ലോൺ തുക ആകെ ഓവറു് ഓഫ് ചെയ്യണമെന്നു് കേരളാ ഗവണ്മെന്റു് ധനകാര്യക്കമ്മിഷനു് മെമ്മോറാണ്ടം കൊടുത്തതിൽ ആവശ്യപ്പെട്ടിരുന്നു. കമ്മീഷൻ അതു സ്വീകരിക്കാത്ത സ്ഥിതിക്കു് അതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പ്രധാനമന്ത്രിയുമായി ചർച്ചചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ ആർ. ഗൗരി : Loan കാര്യത്തിൽ ഒരു മോറട്ടോറിയം ഡിക്ലയർ ചെയ്യണമെന്നാണ് നാം ആവശ്യപ്പെട്ടിട്ടുള്ളത്. അതു് അവർക്കു് കാര്യമായി നോക്കേണ്ടതായിവരും. അതുകൊണ്ടു് തൽക്കാലം ആവശ്യപ്പെട്ടിട്ടുള്ളതാണു് ഞാൻ നേരത്തേ പറഞ്ഞിട്ടുള്ളതു്. നമ്മുടെ ഡിമാൻറ് മോറട്ടോറിയം തന്നെയാണു്.

ശ്രീ. ഇ. അഹമ്മദ് : റൈറ്റ് ഓഫ് ചെയ്യുന്നകാര്യം ഗവണ്മെൻറിന്റെ നിർദ്ദേശത്തിൽ ഇല്ലെന്നാണോ പറയുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : പ്ലാനിംഗ് കമ്മീഷനു് അല്ലെങ്കിൽ ഫൈനാൻസ് കമ്മീഷനു് കൊടുത്തിരുന്നതായ മെമ്മോറാണ്ടത്തിന്റെ എല്ലാ ഭാഗങ്ങളും എനിക്കു് ഓർമ്മയില്ല. അതുകൊണ്ടു് റൈറ്റ് ഓഫ് ചോദിച്ചു എന്നും ഇല്ലെന്നും ഞാൻ പറയുന്നില്ല.

പുറമ്പോക്കു ഭൂമികയ്യേറ്റം

* 185 [679] ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുറമ്പോക്കുഭൂമികയ്യേറ്റം ഈ ഗവണ്മെൻറു് വന്നതിനുശേഷം പതിച്ചുകൊടുക്കുന്നതിൽ എന്തു മാനദണ്ഡമാണു് സ്വീകരിച്ചിട്ടുള്ളതു് ;

(ബി) എത്രപേക്കു് ഇതിനകം പതിച്ചുകൊടുത്തുകഴിഞ്ഞു ;

(സി) കണ്ണൂർജില്ലയിൽ ഓരോ താലൂക്കിലും എത്രപേക്കു് പതിച്ചുകൊടുത്തു ;

(ഡി) പതിച്ചുകൊടുക്കുന്നതിൽ താമസം വരുന്നതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) 1964-ലെ ഭൂപതിവു നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണു് ഭൂമി പതിച്ചുകൊടുക്കുന്നതു്.

(ബി, സി) കൊല്ലം ജില്ലയിൽ (കിട്ടിയ വിവരം അനുസരിച്ചു്) 7614 പേക്കും പാലക്കാടു് ജില്ലയിൽ 645 പേക്കും ഇതുവരെയായി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടെന്നേ കാണുന്നുള്ളു. മറ്റു ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

(ഡി) ഭൂമി പതിച്ചുകൊടുക്കുന്നതു് ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ ഗവണ്മെൻറു് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഇപ്പോഴും പതിച്ചുകൊടുത്തിരിക്കുന്നതെല്ലാം നേരത്തെ കുത്തകപ്പാട്ടവും മറ്റും ഉള്ള ആളുകൾക്കാണു്. ലാൻഡ് അസൈൻമെൻറ് റൂൾസു് പറയുന്നതു് സ്കീം എന്നുള്ള നിലയിൽ പതിച്ചുകൊടുക്കുന്നതാണു്. ഇനിയെങ്കിലും കമ്മിറ്റികൾ മുഖേന കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. ചന്ദ്രശേഖരൻനായർ വിചാരിക്കുന്നതു പോലെ പുതുതായി ഭൂമി നമുക്കു് പുതുതായി കിട്ടിയിട്ടില്ല. വളരെക്കൂടുതൽ കിട്ടിയിട്ടുണ്ടെന്നേ വിചാരിച്ചാൽ അതു തെറ്റാണു്. കുറെയെല്ലാം സ്കീം പ്രകാരം കൊടുത്തിട്ടുണ്ടു്. ചിലതു് റീഹാബിലിറ്റേഷൻ ആണു്. ഇന്നു ഗവണ്മെൻറിനു കിട്ടിയിട്ടുള്ള ഭൂമിയിൽ എൺപതു ശതമാനത്തോളവും മറ്റുസ്ഥലങ്ങളിൽനിന്നുള്ള ആളുകളെ മാറ്റിത്താമസിപ്പിക്കുവാൻ വേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണു്. ഈ വിധത്തിലുള്ള കമ്മിറ്റികൾക്കു് കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇടുക്കിയിൽനിന്നുതന്നെ ആളുകളെ മാറ്റിത്താമസിപ്പിച്ചതു് മുന്നു നാലു സ്ഥലങ്ങളിലായിട്ടാണു്. വളരെക്കൂടുതൽ ഭൂമി കിട്ടിയിട്ടില്ല. കിട്ടിയ ഭൂമി മുഴുവൻ സ്കീം പ്രകാരം കൊടുക്കണമോ തീരുമാനിച്ചിരിക്കുന്നതെന്നും വിചാരിക്കേണ്ട. ലാൻഡ് അസൈൻമെൻറ് കമ്മിറ്റികൾക്കു് വിടാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly